## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **21.03.2018 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 4471**

## മലപ്പുറം ക്യാൻസർ സെന്റർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പദ്ധതി ഉപേക്ഷിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) | റീജ്യണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം; മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ; കൊച്ചിൻ ക്യാൻസർ സെന്റർ, എറണാകുളം എന്നിവിടങ്ങളിൽ ക്യാൻസർ ചികിത്സ രംഗത്തെ ആധുനിക സമ്പ്രദായങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഈ സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറത്ത് മറ്റൊരു ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യമില്ലെന്നു തീരുമാനിച്ചിട്ടുണ്ട് . |
| (ബി) | ക്യാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മലബാറിലെ രോഗികൾക്ക് ഏറെ ഉപകാരപ്പെടുമായിരുന്ന പദ്ധതി പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഗവേണിംഗ് ബോഡി പിരിച്ചുവിട്ടിട്ടുണ്ടോ; പ്രൊജക്റ്റിനും സ്പെഷ്യൽ ഓഫീസർക്കും വിവിധയിനങ്ങളിലായി നാളിതുവരെ എന്തുതുക ചെലവഴിച്ചു; വിശദാംശം നൽകുമോ? | (സി) | ഗവേണിംഗ് ബോഡി പിരിച്ചുവിട്ടിട്ടില്ല. മലപ്പുറം ക്യാൻസർ സെന്റർ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ ചെലവുകൾക്ക് ലഭിച്ച തുകയും പലിശയും ചേർത്ത് ആകെ ഒരു കോടി മൂന്നുലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് (1,03,70988) രൂപ ചെലവായിട്ടുണ്ട്. കൂടാതെ, ജീവനക്കാരുടെ ശമ്പളവും മറ്റിനങ്ങളിലുമായി മൂന്നുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാനൂറ്റി എൺപത് (3,21,480) രൂപ കുടിശിയും ഉണ്ട് . |

സെക്ഷൻ ഓഫീസർ